"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാമൂഹ്യനീതി വകുപ്പ് - കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായുള്ള സ്നേഹസാന്ത്വനം പദ്ധതിയിൻ കീഴിൽ മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകളുടെ (എം.സി.ആർ.സി.) പ്രവർത്തനം 2025-2026 സാമ്പത്തിക വർഷവും തുടരുന്നതിനായി തുക വിനിയോഗിക്കുന്നതിനു ഭരണാനുമതി നൽകി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.319/2025/SJD തീയതി,തിരുവനന്തപുരം, 22-12-2025

---

പരാമർശം:-

1. 11.02.2020-ലെ സ. ഉ. (സാധാ) നമ്പർ. 70/2020/എസ്.ജെ.ഡി. സർക്കാർ ഉത്തരവ്.
2. 03.02.2024-ലെ സ. ഉ. (സാധാ) നമ്പർ. 35/2024/എസ്.ജെ.ഡി. സർക്കാർ ഉത്തരവ്.
3. കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 07.07.2025-ലെ കെ.എസ്.എസ്.എം/268/2025-പി.3. നമ്പർ കത്ത്.
4. 08.10.2025-ൽ കൂടിയ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്

**<u>ഉത്തരവ്</u>**

കാസർകോട് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്കും അവരുടെ കുടുംബങ്ങൾക്കും ആശ്വാസം നൽകുന്നതിനായി സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള കേരള സാമൂഹിക സുരക്ഷാ മിഷൻ മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിത മേഖലയിലുള്ള 10 ബഡ്സ് സ്കൂളുകൾ മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകളായി (എം.സി.ആർ.സി.) ഉയർത്തി പ്രവർത്തനങ്ങൾ നടത്തി വരികയാണ്

2. മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകളുടെ (എം.സി.ആർ.സി.) പ്രവർത്തനം ഈ സാമ്പത്തിക വർഷവും തുടരുന്നതിനായി 2025-2026 സാമ്പത്തിക വർഷം 2235-60-200-72-04-പ്ലാൻ എന്ന ശീർഷകത്തിൽ നിന്ന് 3,62,04,100/- രൂപ വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകണമെന്ന് അഭ്യർത്ഥിച്ച് കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം 3-പ്രകാരം പ്രപ്പോസൽ സമർപ്പിച്ചിരുന്നു.

3, 2025-2026 സാമ്പത്തിക വർഷത്തെ സംസ്ഥാന ധനാഭ്യർത്ഥനയിൽ 2235-60-200-

72-04-പ്ലാൻ എന്ന ശീർഷകത്തിൽ എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള സമഗ്ര പാക്കേജ് എന്ന പദ്ധതിയ്ക്കായി കേരള സാമൂഹ്യ സുരക്ഷാ മിഷന് 17,00,00,000/- രൂപ വകയിരുത്തിയിട്ടുണ്ട്.

4, പരാമർശം 4-പ്രകാരമുള്ള വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ഈ വിഷയം പരിശോധിക്കുകയും കഴിഞ്ഞ സാമ്പത്തിക വർഷത്തിലെപോലെ തന്നെ നടപ്പിലാക്കുന്നതിനായി എന്ന വ്യവസ്ഥയോടെ ഭരണാനുമതി നൽകാവുന്നതാണെന്ന് ശിപാർശ ചെയ്യുകയുമുണ്ടായി.

5, സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2025-2026 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 2235-60-200-72-04-പ്ലാൻ ശീർഷകത്തിൽ കേരള സാമൂഹ്യ സുരക്ഷാ മിഷന് സ്നേഹസാന്ത്വനം പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള 17,00,00,000/- രൂപയിൽ നിന്നും കാസർഗോഡ് ജില്ലയിലെ 10 മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകളുടെ (എം.സി.ആർ.സി.) പ്രവർത്തനം 2025-2026 സാമ്പത്തിക വർഷവും തുടരുന്നതിനായി 3,62,04,100/- രൂപ (മൂന്ന് കോടി അറുപത്തിരണ്ട് ലക്ഷത്തി നാലായിരത്തി ഒരുന്നൂറ് രൂപ മാത്രം), പരാമർശം 4-ലെ വ്യവസ്ഥയ്ക്ക് വിധേയമായി, ചുവടെ പറയും പ്രകാരം വിനിയോഗിക്കുന്നതിനു കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് ഭരണാനുമതി നൽകി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| Sl. No, | Components | Amount (Rs) |
|---|---|---|
| 1 | The procurement of Customized furniture and Office Stationary. | 40,00,000/- |
| 2 | The procurement of Specialized Teaching Learning Materials and Essential equipment for the different therapies and intervention. | 40,00,000/ |
| 3 | Self Employment opportunity for 10 MCRCs. | 20,00,000/- |
| 4 | Installation of Solar power plant in MCRC | 15,00,000/- |
| 5 | Professional and essential HR support for the 10 MCRC's. | 2,47,04,100/- |
| | **Total for MCRC** | **3,62,04,100/** |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ അദീല അബ്ദുള്ള ഐ എ എസ്

സ്പെഷ്യൽ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ, പൂജപ്പുര, തിരുവനന്തപുരം

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം

ധനകാര്യ (വെൽഫയർ വിംഗ്) വകുപ്പ്

ചീഫ്, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് (സോഷ്യൽ സർവീസസ് ഡിവിഷൻ ),

പട്ടം, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ ഡിവിഷൻ,

വിവര പൊതുജനസമ്പർക്ക വകുപ്പ് (സർക്കാർ

വെബ്-സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Vipin S D

സെക്ഷൻ ഓഫീസർ

Date: 23-12-2025 15:18:36

പകർപ്പ് :- ബഹു.ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി